മരണമടയുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും, വീടിന് നാശനഷ്ടങ്ങൾ ഉണ്ടായവർക്കും മറ്റു തരത്തിൽ കാലവർഷക്കെടുതികൾ അനുഭവിക്കുന്നവർക്കും കാലതാമസം കൂടാതെ സഹായങ്ങൾ എത്തിക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്. കെടുതികൾ ഫലപ്രദമായി നേരിടുന്നതിനും ദുരിതത്തിനിരയായവർക്ക് സഹായങ്ങൾ എത്തിക്കുന്നതിനും എല്ലാ ജില്ലകൾക്കുമായി 6 കോടി രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ ഗവൺമെന്റ് വിളിച്ചുകൂട്ടിയ 20.6.1999-ലെ ദുരിതാശ്വാസപ്രവർത്തനങ്ങളെക്കുറിച്ചുള്ള അവലോകന യോഗത്തിൽവച്ച് ദുരിതാശ്വാസസഹായങ്ങൾ എത്തിക്കുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കാൻ നടപടികൾ കൈക്കൊള്ളുവാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

9 (*129) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഏതെല്ലാം സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(സി) വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ അനുയോജ്യരായ വിദഗ്ദ്ധരെ കണ്ടുപിടിച്ച് ഈ സ്ഥാപനങ്ങളുടെ ചുമതല ഏൽപ്പിക്കുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് സർക്കാർ തലത്തിൽ മൂന്നു മാസത്തിലൊരിക്കൽ വിലയിരുത്തൽ നടത്തുമോ;

(ഇ) നഷ്ടത്തിൽ നടത്തുന്ന വ്യവസായങ്ങളെ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ സാങ്കേതിക വിദഗ്ധന്മാരും ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി ചർച്ച നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ സർക്കാർ വിവിധങ്ങളായ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്. ബി.ഐ.എഫ്.ആർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുക, ചെറിയ തോതിൽ ഉള്ള മുതൽമുടക്കും പരിഷ്ക്കരിച്ച സാങ്കേതികവിദ്യയും കൊണ്ട് ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളിൽ അതി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള നടപടി സ്വീകരിക്കുക, പലിശ കുറച്ച് മുതൽ മൊത്തമായി തിരിച്ചട യ്ക്കുവാൻ സാധിക്കുന്നവയിൽ അങ്ങനെ ചെയ്യുക, സർക്കാർ കടം മൂലധന മാക്കി മാറ്റി പലിശ ബാദ്ധ്യത കുറയ്ക്കുക സാമാന സ്വഭാവമുള്ളതോ, എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ ആയ യൂണിറ്റുകളെ ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക, തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സാങ്കേതിക പുനരുദ്ധാരണം ആവശ്യമായ വ്യവസായവകുപ്പിന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശനിര ക്കിൽ തക്കസമയത്ത് ധനസഹായം നൽകുവാൻ ഒരു പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായവകുപ്പിന്റെ അധീനതയിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ നയ രൂപീകര ണത്തിന് സെക്ടർ തിരിച്ചുള്ള കമ്മിറ്റികൾ രൂപീകരിച്ചുവരുന്നുണ്ട്.

(ബി) 1997-98 ലെ കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ചി രുന്ന കെൽട്രോൺ കൗണ്ടേഴ്സ് ലാഭത്തിലായി. കേരള സ്റ്റേറ്റ് കയർ കോർപ്പ റേഷന്റെ നഷ്ടം 30 ലക്ഷത്തിൽ നിന്നും 1 ലക്ഷമായി കുറയ്ക്കുവാൻ സാധി ച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരള സിറാമിക്സ് ലിമിറ്റഡ് തുടങ്ങിയ കമ്പനികളുടെ നഷ്ടം വളരെയധികം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1998-99ലെ പ്രവർത്തനഫലങ്ങൾ വിശകലനം ചെയ്തുവരുന്നതേയുള്ളൂ.

(സി) കഴിയുന്നിടത്തോളം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളു ടെയും മുഖ്യ ഭരണാധികാരികളായി അനുയോജ്യരായ വിദഗ്ധരെ നിയമിക്കു വാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(ഡി) വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ തല ത്തിൽ വിലയിരുത്തുന്നുണ്ട്. മൂന്നുമാസമെന്ന കാലാവധി എല്ലാ സ്ഥാപനങ്ങ ളുടേയും കാര്യത്തിൽ പ്രയോഗികമല്ല.

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി വിദഗ്ദ്ധന്മാരും അതാത് സ്ഥാപനത്തിലെ ട്രേഡ് യൂണിയൻ നേതാക്കളുമായും മാനേജ്മെന്റ് ചർച്ച നടത്താറുണ്ട്.

10 (*130) മിച്ചഭൂമി വിതരണം

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വിതരണത്തിനുവേണ്ടി എത്ര ഏക്കർ മിച്ച ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ട്;

(ഇ) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിതരണം സമയബന്ധിത മായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly